# കേരള സംസ്ഥാന മനുഷ്യാവകാശകമ്മീഷൻ

ഹാജർ : ജസ്റ്റിസ് അലക്സാണ്ടർ തോമസ്
ബഹു.ചെയർപേഴ്സൺ

എച്ച്.ആർ.എം.പി. നമ്പർ : 8303/11/12/2024/

പരാതികക്ഷി : സുരേഷ് കുമാർ പി, ശ്രീ നിലയം
കരുമാനൂർ,പാറശ്ശാല, തിരുവനന്തപുരം

എതിർകക്ഷികൾ

ഉത്തരവ് തീയതി 09.05.2025

പരാതികക്ഷിയുടെ മകൻ കാരക്കോണം മെഡിക്കൽ കോളേജിൽ നഴ്സിംഗ് കോഴ്സിന് അഡ്മിഷൻ നേടിയതായും, പിന്നോക്ക ഹിന്ദു വിഭാഗങ്ങളിലെ കുട്ടികൾക്ക് സർക്കാർ അനുവദിക്കുന്ന ഈ ഗ്രാൻഡ് പ്രകാരമുള്ള ഫീസിളവ് മകന് ലഭിക്കുന്നില്ല എന്നും, എസ്.ഇസി പട്ടികയിൽ ഉൾപ്പെട്ടിട്ടും ചക്രവർ സമുദായ അംഗമായ മകന് .ബി. ഫീസ് ഇളവ് ലഭിക്കാത്തതിനാൽ പഠനം തുടരാൻ കഴിയാത്ത സാഹചര്യമാണെന്നും, ആയതിനാൽ ചക്രവർ സമുദായത്തിൽപ്പെട്ട കുട്ടികളുടെ വിദ്യാഭ്യാസത്തിനായി ഒ ഇ സി തുല്യമായ ഫീസിളവിനായുള്ള ഇ ഗ്രാൻഡ് ലിസ്റ്റിൽ ചക്രവർ സമുദായത്തെ കൂടി ഉൾപ്പെടുത്തുന്നതിന് ആവശ്യമായ നടപടി ഉണ്ടാകണമെന്നും മറ്റുമാണ് പരാതിയിലെ ആവശ്യം.

2. പരാതി വിഷയത്തിൽ പിന്നാക്ക വിഭാഗ വികസന വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി 27.11.2024 തീയതി റിപ്പോർട്ട് സമർപ്പിച്ചു. 23.05.2014ലെ സർക്കാർ ഉത്തരവ് നമ്പർ(എം.എസ്)10/2014 പ്രകാരം 6 ലക്ഷം രൂപ വാർഷിക വരുമാനത്തിന് വിധേയമായി ഒഇസി ക്ക് തുല്യമായ വിദ്യാഭ്യാസ ആനുകൂല്യം അനുവദിക്കുന്ന പട്ടികയിൽ പുതിയ . സമുദായ അംഗങ്ങളെ ഉൾപ്പെടുത്തുന്ന വിഷയത്തിൽ തൽസ്ഥിതി തുടരുവാനാണ് സർക്കാർ നിലവിൽ തീരുമാനിച്ചിട്ടുള്ളത് എന്നും, ആയതിനാൽ ഈ വിഷയം പുനഃ പരിശോധിക്കുന്ന വേളയിൽ പരാതിക്കാരന്റെ ആവശ്യം പരിശോധിച്ചു ഉചിതമായ തീരുമാനമെടുക്കുന്നതാണെന്ന് റിപ്പോർട്ടിൽ കാണുന്നു.

3. പരാതി പരിഗണനയ്ക്കെടുത്ത 09.05.2025 തീയതി ഹർജികക്ഷി ഹാജരായി ആക്ഷേപം സമർപ്പിച്ചു. ഈ വിഷയം സർക്കാറിന്റെ ശ്രദ്ധയിൽ കൊണ്ടുവന്നതിനെ തുടർന്ന് ചക്രവർ സമുദായത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് ഒസി ക്ക് തുല്യമായ വിദ്യാഭ്യാസ . ആനുകൂല്യങ്ങൾ6 ലക്ഷം രൂപ വരുമാന പരിധിക്ക് വിധേയമായി അനുവദിക്കുന്നത് സർക്കാർ പരിഗണിക്കണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് പിന്നാക്ക വികസന വകുപ്പ്

ഡയറക്ടർ 30.10.2024 തീയതി പിന്നാക്ക വികസന വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിക്ക് കത്ത് നൽകിയിട്ടുണ്ടെന്നും പരാതികക്ഷി പറയുകയുണ്ടായിപ്രസ്തുത കത്തിന്റെ പകർപ്പും ഹർജികക്ഷി ആക്ഷേപത്തോടൊപ്പം ഉള്ളടക്കം ചെയ്തു പരാതിക്കാരന്റെ ആവശ്യം സർക്കാരിൻറെ നയപരമായ തീരുമാനത.കാണുന്നു്തിൽ പെട്ടതാണ്.ഇതിനു മേൽ നിർദ്ദേശങ്ങൾ ഒന്നും നൽകാൻ കമ്മീഷന് അധികാരം ഇല്ല എന്നാൽ ഇത് സംബന്ധിച്ച നിർദ്ദേശം പിന്നാക്ക വികസന വകുപ്പ് ഡയറക്ടർ സർക്കാരിൻറെ പരിഗണനയ്ക്കായി അയച്ചിട്ടുള്ള സാഹചര്യത്തിൽ സർക്കാർ ഇക്കാര്യത്തിൽ കാലതാമസം കൂടാതെ അന്തിമ തീരുമാനം കൈക്കൊള്ളേണ്ടതാണെന്ന നിർദ്ദേശത്തോടുകൂടി ഈ പരാതി തീർപ്പാക്കുന്നു.

ഉത്തരവിന്റെ പകർപ്പ് പിന്നാക്ക വികസന വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി, പരാതികക്ഷി എന്നിവർക്ക് അയച്ചുകൊടുക്കേണ്ടതാണ്.

ഒപ്പ്
ജസ്റ്റിസ് അലക്സാണ്ടർ തോമസ്
ചെയർപേഴ്സൺ

//ശരിപ്പകർപ്പ്//

രജിസ്ട്രാർ
for.